# ജി.എച്ച്.എസ്.എസ്. മച്ചാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025 – 2026**

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. | റവന്യൂ ജില്ല | : തൃശ്ശൂർ |
| 2. | സ്കൂൾ കോഡ് | : 24035 |
| 3. | സ്കൂളിന്റെ പേര് | : ജി.എച്ച്. എച്ച്. എസ്.എസ്. മച്ചാട് |
| 4. | മേൽവിലാസം | : പുന്നംപറമ്പ് പി.ഒ., തെക്കുംകര, തൃശ്ശൂർ |
| 5. | പിൻകോഡ് | : 680589 |
| 6. | ഫോൺ നമ്പർ | : 04884 265324 |
| 7. | ഇ-മെയിൽ അഡ്രസ്സ് | : machadghss62@gmail.com |
| 8. | ഗ്രാമ പഞ്ചായത്ത് | : തെക്കുംകര |
| 9. | വിദ്യാഭ്യാസ ജില്ല | : ചാവക്കാട് |
| 10. | സബ്ബ് ജില്ല | : വടക്കാഞ്ചേരി |
| 11. | ക്ലാസ്സുകൾ | : Std 5-10 |
| 12. | മാനേജ്മെന്റ് | : ഗവൺമെന്റ് |
| 13. | പഠനമാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# ആമുഖം

തൃശ്ശൂർ ജില്ലയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന തെക്കുകര ഗ്രാമപഞ്ചായത്തിലാണ് മച്ചാട് ഗവ.ഹയർ സെക്കന്ററി സ്ക്കൂൾ. പാഠ്യ- പാഠ്യേതര രംഗത്ത് സംസ്ഥാനത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. 2024 – 25 അധ്യയന വർഷത്തിൽ SSLC ക്ക് 100% വിജയം നേടിയ വിദ്യാലയമാണിത്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോശർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു. ഹയർ സെക്കന്ററി തലത്തിലും മികച്ച വിജയം. നിലനിർത്താൻ കഴിയുന്നു എന്നുള്ളത് മറ്റൊരു എടുത്തു പറയേണ്ടുന്ന കാര്യം.

അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. തൈകോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

100% വിജയത്തിന് കാരണമായത് അധ്യാപകരുടെ ചിട്ടയായ പ്രവർത്തനവും അതിന് പിന്തുണ നൽകിയ പി.ടി.എ.യുടെ ഇടപെടലുകളുമാണ്. ജില്ലാ പഞ്ചായത്തിന്റെ പൂർണ്ണമായ സഹകരണം ഉണ്ടായിരുന്നു. വിദ്യാർത്ഥികൾക്കുണ്ടായ പഠന പോരായ്മകൾ നികത്താൻ അതത് സമയങ്ങളിൽ അധ്യാപകർക്കും പി.ടി.എ.യ്ക്കും സാധിച്ചു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇനിയും മികച്ച രീതിയിൽ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## മച്ചാട് ഗവ.ഹയർ സെക്കന്ററി ചരിത്രം

കൊല്ലവർഷം 1091 എടവം 16ന് 2 ക്ലാസ്സുകളും 4 അധ്യാപകരുമായി പരേതനായ ശ്രീ. വട്ടേക്കാട്ട് നാരായണ മേനോൻ, പുന്നംപറമ്പിൽ ഒന്നര ഏക്കറോളം വരുന്ന സ്വന്തം സ്ഥലത്ത് വിദ്യാലയം സ്ഥാപിച്ചു. 4 ക്ലാസ്സ് വരെയുള്ള

അന്നത്തെ പൂർത്തീകരിച്ച പ്രൈമറി സ്കൂളുമായി മാറി. 4-ാം ക്ലാസ്സ് പാസ്സായ വരെ ഉദ്ദേശിച്ചു വിനോദയ സംസ്കൃത സ്കൂളും മുതിർന്നവർക്ക് വേണ്ടി വയോ ജന നിശാപാഠശാലയും ആരംഭിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം സ്കൂൾ തുടർന്നു നടത്തിക്കൊണ്ടു പോകുവാൻ കഴിയാതെ വന്നപ്പോൾ ശ്രീ.നാരായണ മേനോൻ തന്റെ സ്കൂളും (അതിനോട് ചേർന്ന 1½ ഏക്കറോളം സ്ഥലവും) സൗജന്യമായി സർക്കാരിലേക്ക് വിട്ടുകൊടുത്തു. അന്ന് 11 അധ്യാപകരും ഒരു പാട്ടു ടീച്ചറും ഉൾപ്പെടെ 12 അധ്യാപകരാണ് സ്ക്കൂളിൽ ഉണ്ടായിരുന്നത്. സ്ക്കൂൾ ഗവൺമെന്റ് ഏറ്റെടുത്തതോടെ, വിനയോദയം, സംസ്കൃത സ്ക്കൂളും, നിശാപാ ഠശാലയും നിർത്തേണ്ടി വന്നു. എ.ഡി. 1948 ൽ വിദ്യാലയത്തെ ലോവർ സെക്കന്ററി സ്കൂളായി ഉയർത്തി ഫസ്റ്റ് ഫോം ബാച്ച് ആരംഭിച്ചു. ആദ്യത്തെ ഹെഡ് മിസ്ട്രസ്സ് ഇന്നാട്ടുകാരിയായ മൂർക്കനാട്ട് ജാനകി അമ്മ സ്കൂളിനുവേണ്ടി സമീപത്തുള്ള ഏതാനും സ്ഥലങ്ങൾ അക്വർ ചെയ്തതോടെ സ്കൂൾ സ്ഥലത്തിന്റെ വിസ്തൃതി മൂന്നര ഏക്കറായി. 1962 ൽ വിദ്യാലയത്തെ ഹൈസ്കൂളായി ഉയർത്തി. അന്ന് കേരള മുഖ്യമന്ത്രിയായിരുന്ന പട്ടം താണുപിള്ള ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. നാട്ടുകാർക്കു വിദ്യാലയ സ്ഥാപകനോടുള്ള ബഹുമാനത്തിന്റെ സൂചനയായി സ്കൂളിന് വട്ടേക്കാട്ട് നാരായണ മേനോൻ മെമ്മോറിയൽ ഗവ. ഹൈസ്ക്കൂൾ എന്നു നാമകരണം ചെയ്തു. 1964 - 13-08-64 ഭരണ സൗകര്യത്തെ മുൻനിർത്തി പ്രൈമറി വിഭാഗത്തെ വേർതിരിച്ചതോടെ മാതൃസ്ഥാനം രണ്ട് വിദ്യാ ലയങ്ങളായി മാറി. 1990 - 91 ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു.

## ഗവ. ഹയർ സെക്കന്ററി സ്കൂൾ മച്ചാട്- ഇന്ന്

10 UP അധ്യാപകരും 15 ഹൈസ്ക്കൂൾ അധ്യാപകരും 4 അനധ്യാപരും അടങ്ങുന്ന സ്റ്റാഫ്. 553 വിദ്യാർത്ഥികൾ. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കി. കൊണ്ടാണ് വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ നടത്തുന്നത്. സാമൂഹ്യശാസ്ത്ര പഠനപ്രവർത്തനങ്ങൾക്കുവേണ്ടി ജിയോ ലാബ് പ്രവർത്തിക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം മനസ്സിലാക്കാൻ Weather Stattion ഉം ഇന്ന് മച്ചാട് സ്ക്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. Little Kites, SPC, JRC എന്നിവയുടെ യൂണിറ്റുകൾ വളരെ സജീവമായി സ്ക്കൂളിൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. ബാസ്ക്കറ്റ് ബോൾ, ഖോ - ഖോ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. NMMS, USS, New Maths എന്നിവയ്ക്ക് പരിശീലനം നൽകുന്നു. 2024 - 25 അധ്യയന വർഷത്തിൽ NMMS, USS സ്കോളർഷിപ്പുകൾ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കിയിട്ടുണ്ട്. ബേസ്ബാളിൽ സ്റ്റേറ്റ് ലെവലിൽ ഫസ്റ്റ് ലഭിച്ചു. സയൻസ് ലാബ്, മാത്സ് ലാബ് എന്നിവ സജീവമായി പ്രവർത്തിക്കുന്നു. യുവജനോത്സവത്തിൽ സ്റ്റേറ്റ് ലെവലിൽ അഷ്ടപദിക്ക് A Grade ലഭിച്ചു.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട

# പ്രവർത്തനം വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. ലൈബ്രറി ശാക്തീകരണം
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. പഠനയാത്രകൾ
10. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
11. കലാപരിപോഷണം
12. പച്ചക്കറിത്തോട്ടം
13. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
14. കായികശേഷി വികസനം
15. ഐ.ടി. പഠനം - കാര്യക്ഷമമാക്കൽ
16. ക്ലാസ്സ് പി.ടി.എ. കാര്യക്ഷമമാക്കൽ

## അക്കാദമിക രംഗം മേന്മ

മലയോര ഗ്രാമമായ മച്ചാട് വിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ ഏറെ സംഭാവനകൾ പെയ്ത, ചെയ്തുക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ് മച്ചാട് ഗവൺമെന്റ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടേയും മക്കൾ ഇവിടെ പഠിക്കുന്നു. മുൻകാല ങ്ങളിൽ നിരവധി പ്രതിഭകളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞി ട്ടുണ്ട്. എല്ലാവർക്കും തുല്യ പരിഗണന നൽകിയാണ് വിദ്യാഭ്യാസം നടത്തുന്ന ത്. എൻറോൾ ചെയ്യുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അടിസ്ഥാന വിദ്യാഭ്യാസ ശേഷികൾ ഉറപ്പുവരുത്തുകയും, പത്താം ക്ലാസ്സിൽ എല്ലാവർക്കും വിജയം ഉറ പ്പാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയം നടത്തിവരുന്നത്. അതിന്റെ ഫലമായി SSLC യ്ക്ക് 100% വിജയം നേടാനായി, വിവിധ സ്കോളർഷിപ്പ് പരീക്ഷകളിലും കുട്ടികൾ മികച്ച നേട്ടം കൈവരിക്കുന്നുണ്ട്. ഈ നേട്ടങ്ങൾ നില നിർത്തിക്കൊണ്ട് തന്നെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകി ക്കൊണ്ട് തന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിലെ മികച്ച പൗരന്മാരെ വാർത്തെടുക്കാൻ വിദ്യാലയത്തിന് കഴിയുന്നു.

## അക്കാദമികരംഗം പരിമിതികൾ

ഭൂരിഭാഗം രക്ഷിതാക്കളും അസംഘടിത മേഖലയിലെ തൊഴിലാളികളായ തിനാൽ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ അവർക്ക് നൽകാൻ കഴിയുന്നില്ല. സാമ്പത്തിക ഭദ്രതക്കുറപ്പും ഇതിന് കാരണമാണ്. ചെറിയ ശതമാ നമാണെങ്കിലും ജീവിത സാഹചര്യങ്ങൾ അക്കാദമിക നിലവാരത്തെ പ്രതികൂല മായി ബാധിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഹാജർകുറവും ഒരു പ്രതിസന്ധിയാണ്.

## ഭൗതികം - മേന്മ

പതിറ്റാണ്ടുകൾ പഴക്കമുള്ള പഴയകെട്ടിടങ്ങൾ എല്ലാം പൊളിച്ചു മാറ്റി. പൊതുവിദ്യാഭ്യാസ യജ്ഞം, വിദ്യാകിരണം, കിഷ്ബി പദ്ധതികളിലൂടെ ഉന്നത നിലവാരത്തിലുള്ള മികച്ച സൗകര്യങ്ങളുള്ള പുതിയ കെട്ടിടങ്ങൾ നമുക്കുണ്ട്. ജില്ലാ പഞ്ചായത്തും ഈ മേഖലയിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ഏതാണ്ട് 6 കോടി രൂപയിലധികം ചുരുങ്ങിയ സമയത്തിൽ സർക്കാർ ഈ വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യവികസനത്തിനു വേണ്ടി ചെലവഴിച്ചു കഴിഞ്ഞു.

## ഭൗതികം പരിമിതി

പരിപാലനം ഒരു വെല്ലുവിളിയാണ്. പരമാവധി പരിശ്രമങ്ങൾ നടത്തി വരുന്നു.

## സാമൂഹികം

വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സമൂഹത്തിന്റെ വലിയ ഇടപെടൽ ഉണ്ടായിട്ടുണ്ട്. മുൻ.എം.എൽ.എ. ശ്രീ.എ.സി. മൊയ്തീൻ, ഇപ്പോഴത്തെ എം.എൽ.എ. ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരി തോമസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുനിൽകുമാർ തുടങ്ങിയ ഭരണാധികാരികൾ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. രക്ഷിതാക്കളുടേയും പിന്തുണ ഇക്കാര്യത്തിലുണ്ടായി. അക്കാദമിക മേഖലയിൽ നാട്ടിലെ പൂർവ്വവിദ്യാർത്ഥികളും സഹായങ്ങൾ നൽകുന്നു. വിവിധ അവസരങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മറ്റും ചെയ്യുന്നതിന് പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികൾ സഹായങ്ങൾ ചെയ്തുവരുന്നു.

# മലയാളം– ദിനാചരണങ്ങൾ

**ജൂൺ 19 – വായനാദിന– മാസാപരണം ഉദ്ഘാടനം**

**പ്രവർത്തനങ്ങൾ**

- വായനാമത്സരം
- കഥാരചന
- കവിതാരചന
- ക്വിസ് മത്സരം
- കവിത ആലാപനം
- വായനക്കുറിപ്പ്
- ക്ലാസ്സ് ലൈബ്രറി സജ്ജീകരണം.

**ജൂലൈ 5 – ബഷീർദിനം**

**പ്രവർത്തനങ്ങൾ**

- കാർട്ടൂൺ രചന

**ഓണാഘോഷം**

**പ്രവർത്തനങ്ങൾ**

- ഓണപ്പാട്ട് മത്സരം

# LITERARY COMMEMORATIONS

# ENGLISH LITERATURE

# 2025 - 26

# G.H.S.S. MACHAD

**RATHY.M.R.**

**17.06.2025**

| The Goal Activities | | Period (1) | Task | Financial Analysis |
|---|---|---|---|---|
| Enable them to use ideas confidently in English | Spoken English class<br>English Library<br>English Corner<br>English Cartoon<br>English Assembly | Holidays & Saturdays | P T A & Teachers | P T A Management |
| Provide opportunities for expression in English | Cinema, Documentary Profile and Script Screening of some scenes from English Cinema | Along with class room activities<br>Academic year | Teachers SRG<br>English Teachers | English Club<br>PTA English Club |

| The Goal Activities | | Period (2) | Task | Financial Analysis |
|---|---|---|---|---|
| Prepare for independent reading for independent writing | Letter cards<br>Word Cards<br>Sentence building cards<br>Picture reading<br>Short story<br>Writing public<br>Speaking, News paper,<br>Reading preparing news paper articles, My diary, Reading assembly News, News reading completitions | Class Room Activities Assembly | P T A, SRG, Teachers | English Club |
| **The Goal Activities** | | **Period (3)** | **Task** | **Financial Analysis** |
| Dramatoization | Englich Assembly skit, puppet show, English Lab, Scenes from the lessons are found and presented through puppet shows, skit and story telling | Class room activities Saturdays Camp | PTA, SRG,Teachers English Club | PTA Parents |

| The Goal | Activities | Period (2)(4) | Task | Financial Analysis |
|---|---|---|---|---|
| Enable poetry singing and writing | Opportunity to listen to english audio poetry writing and singing competitions and held utilizing the opportunities for exchange and discussion with famous poets | Class activities vacation , Saturdays twice a year | Teachers, PTA, SRG English Teachers | English Club<br><br>PTA Management |
| Utilize technological opportunities for english language | Interviews & video conferences english fest opportunity to watch english films. | During the academic year | English Club | PTA |

| The Goal | Activities | Period (5) | Task | Financial Analysis |
| --- | --- | --- | --- | --- |
| Organize discussion forums | Native speakers provide opportunities to spend time together and have conversations curently holding video conferences with living english writers and poets | Saturdays / Vacation | Teachers, PTA, SRG | PTA , English Club |

## I Poet's Day – August 21

1. Write your own poem

   Encourage syudents or participants to write poems.
2. Poetry recitation – Organize a poetry recital where students read their own poems
3. Select a poem of the day and display or read it aloud.
4. Poetry Quiz – Include questions about famous poets, poetic devices.
5. Create a poetry wall where participants can pin up poems.
6. Dramatize a poem – Choose a poem and act it out like a mine play

## II April 23 – Shakespeare Day

1. Dramatic performances
2. Peform monologues or soiloquis
3. Read selected sonnets and passages alound in groups
4. Shakespeareas speech or elocution.

## III Harry Potter's Birthday – July 31

1. Read selected chapters from Harry Potter
2. Harry Potter Trivia Quiz
3. Harry Potter movies

## IV Earnest Hemingway Birthday – July 21

1. Read passages from his works

   The old man & the sea

   A farewell to Arms

2. Students can write their own six word stories – concise but emotionally deep
3. Watch clip or trailers from movie adaptations

## Academic Master Plan : English 2025 – 26

| | Aims | Activities | Period | Duty | Finance |
|---|---|---|---|---|---|
| 1. English Languages Learning | Increase the skill of children's listening, speaking and writing, Give opportunities for it | Give opportunities to read, more books, news papers, magazines, hear English News, cultural activities (speech). Make English 'News Bulletin Board, in classes. | Everyday / a day in a week / monthly | English Teacher | |
| 2. Creativity in English Language | Increase the vocabulary, communicate with teachers, students and parents in English. | ★ Class Library<br>★ English Competitions<br>**Essay Writing**<br>**Quiz**<br>★ Wall Magazines<br>★ Word Cards<br>★ Word Puzzles<br>★ Dictionary<br>★ Listening English<br>★ Elocutins | Every day | | |
| 3. English theatre and Exhibition | For developing creative and talented activities | ★ Role play, Reals, Drama, Skit based on their learning portions | Every day / I day in a week | | |

| | | | | | |
|---|---|---|---|---|---|
| | | ★ Performing stories, radio drama, making Big Books, Seminars, riddles, Story writing themselves and acting it, English song singing (individually and in groups) | | | |
| 4. English Fest | Enable children to speak and write with grammatically correct words | ★ Skit, reals, role play, English recitation, puzzles, Tongue twisters, English Dance performance choreography small documentary production | 1 to 5 days | | |
| 5. English Diary | To increase the talent in writing English with gramatically | Write their day routines and whole activities of their days in the diary with emotions. | Everyday | | |

| | | | | | |
|---|---|---|---|---|---|
| 6. Word Puzzles and Riddles using different phrases and make sentences, tongue twisters. | Reading and learning language through Puzzles and individual creations. | ★ Puzzles (games)<br>★ Descriptions making about a powerful theme | Every day<br>2 day | | |
| 7. English Learning to Backword childrens | Through different grammar coaching languages developing programmes and games.<br>Give participation to the backward children. | Find out them in the month June itself and give them special coaching<br>Through different performances, reading story books, riddles, puzzles, tongue twisters, watching english news, story books, video presentation, picture cards, sentence cards and chats. | Every day /<br>Every month | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി. മലയാളം 2025-26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ⇨ ഭാഷാപരമായ അടിസ്ഥാന ശേഷി കൈവരിക്കൽ<br>⇨ മാതൃഭാഷയായ മലയാളം വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | ✸ കുട്ടുകളുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാക്കുറിപ്പ്, പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ്) അവതരിപ്പിക്കൽ<br>കുട്ടിക്കവിതകൾ, കഥകൾ തുടങ്ങിയവയുടെ അവതരണം. | ജൂൺ - ജൂലൈ | മലയാളം അധ്യാപകൻ | |
| 2 എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ✸ ക്ലാസ്സ് ലൈബ്രറി രൂപീകരണം<br>✸ സ്ക്കൂൾ ലൈബ്രറി വിപുലീകരണം<br>✸ വായനാ മത്സരം സംഘടിപ്പിക്കുക | ജൂൺ - വർഷാവസാനം | മലയാളം അധ്യാപകർ & ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3 സമൂഹത്തെ അടുത്തറിയുന്നതിനും സാമൂഹ്യജീവി എന്ന നിലയിൽ മൂല്യവും, മനോഭാവവും സാമൂഹിക പ്രതിബദ്ധതയുമുള്ള മികച്ച പൗരനായി മാറ്റുക | ✸ പത്രം എല്ലാ ക്ലാസ്സിലും ലഭ്യമാക്കുക<br>✸ പത്രവായന ഉറപ്പാക്കുക<br>✸ നന്മവാർത്ത : സാമൂഹിക പ്രതിബദ്ധതയുള്ള നല്ലവാർത്തകൾ ശേഖരിച്ച് ക്ലാസ്സ് തലത്തിൽ വാർത്താ ആൽബം തയ്യാറാക്കൽ | ജൂൺ-വർഷാവസാനം | ക്ലാസ്സ് ടീച്ചർ & മലയാളം അധ്യാപകർ | |
| 4 സാഹിത്യ കൃതികളോടും എഴുത്തുകാരോടും കലാകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | ✸ പത്രം പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 തവണ | ക്ലാസ്സ് ടീച്ചർ & മലയാളം അധ്യാപകർ | |
| | ✸ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രാദേശിക എഴുത്തുകാർ, കലാകാരന്മാർ തുടങ്ങിയവരെ പരിചയപ്പെടൽ അവരുമായി സംവദിക്കാൻ അവസരം ഒരുക്കുന്നു. | വർഷത്തിൽ 2-3 തവണ | HM & SRG | PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | ✸ പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കൽ<br>✸ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോചനപ്പെടുത്തി ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ആധാരമാക്കിയുള്ള റീലുകൾ, സ്കിറ്റുകൾ തുടങ്ങിയവ തയ്യാറാക്കി സ്ക്കൂൾ സോഷ്യൽ മീഡിയ പേജുകളിൽ ലഭ്യമാക്കുക | | മലയാളം & മീഡിയ ഗ്രൂപ്പ് | |
| 6 ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷി കൈവരിക്കൽ | ✸ കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ കഥ, കവിത, ഉപന്യാസം, ആസ്വാദനക്കുറിപ്പ്, വായനാനുഭവങ്ങൾ, യാത്രാനുഭവങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി മാഗസീൻ പ്രസിദ്ധീകരിക്കുന്നു. | | മലയാളം & മീഡിയ ഗ്രൂപ്പ് | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ H S മലയാളം 2025-26

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും മലയാളഭാഷ എഴുതുവാനും സംസാരിയ്ക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഭാഷാ സ്നേഹം വളർത്തുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

### എട്ടാം തരം

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ ഉച്ചാരണം പരിചയപ്പെടുത്തൽ വായിക്കൽ | ഈണം കണ്ടെത്തൽ ചൊല്ലി അവതരിപ്പിക്കൽ അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br><br>വാക്യനിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | പാഠപുസ്തകം ഐ.സി.ടി. സഹായം | മലയാളം ക്ലബംഗങ്ങൾ സഹവിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 2 ഗദ്യഭാഷയിലെ കാവ്യാത്മകത തിരിച്ചറിയുന്നു.<br>പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.<br>അർഥബോധം, ശബ്ദ ക്രമീകരണം എന്നിവ ഉൾക്കൊണ്ട് ഗദ്യ ഭാഗം വായിച്ച് അവതരിപ്പിക്കുന്നു. | അനുഭവക്കുറിപ്പ് തയ്യാറാക്കുക. ഗദ്യത്തിലെ ആലങ്കാരിക ഭാഷയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തുന്നു. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ഐ.സി.ടി. പാഠപുസ്തകം | |
| 3. കഥ/ കവിതയിലെ ആശയം അലങ്കാരഭംഗി മുഹൂർത്തങ്ങൾ, വാങ്മയ ചിത്രങ്ങൾ എന്നിവ വിശകലനം ചെയ്ത് ആസ്വാദനം തയ്യാറാക്കുന്നു. | ആസ്വാദനം തയ്യാറാക്കൽ ചർച്ച | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | സഹവിദ്യാർത്ഥികൾ |
| ഭാഷാനൈപുണ്യം നേടുന്നു<br>✸ വായനയിൽ പ്രാവീണ്യം നേടുന്നു | ✸ പാഠം വായിപ്പിക്കുന്നു<br>✸ വാക്യങ്ങൾ നിർമ്മിക്കുന്നു<br>✸ കവിത ഈണത്തിൽ ചൊല്ലുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ | സഹവിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 2 ഗദ്യസാഹിത്യം, പദ്യസാഹിത്യം എന്നിവ തിരിച്ചറിയുന്നു. | വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കൽ<br>ആഖ്യാന രീതി പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | പാഠപുസ്തകം ഐ.സി.ടി. | സഹവിദ്യാർത്ഥികൾ |
| വ്യാകരണ നിയമങ്ങൾ തിരിച്ചറിയുന്നു. | വർണ്ണങ്ങളുടെ ചേർച്ച പദങ്ങളുടെ ചേർച്ച<br>പത്രമാധ്യമങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തൽ | | | |
| 3. പരിസ്ഥിതി സ്നേഹം വളർത്തുന്നു. വിവിധ സാഹിത്യ രൂപങ്ങൾ തിരിച്ചറിയുന്നു. | ലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കുന്നു. | നവംബർ മുതൽ ഫെബ്രുവരി വരെ | ലൈബ്രറി പുസ്തകങ്ങൾ | മലയാളം ക്ലബ് അംഗങ്ങൾ |
| 1. കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ സാമൂഹിക പശ്ചാത്തലം ജീവിത വീക്ഷണം ഭാഷ എന്നിവ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | വിശകലനം ചെയ്യൽ അലങ്കാരം കണ്ടെത്തൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | പാഠപുസ്തകം ഐ.സി.ടി. | മലയാളം ക്ലബ് അംഗങ്ങൾ |
| വ്യത്യസ്ത വ്യവഹാരരൂപങ്ങളുടെ ലവിശേഷതകൾ തിരിച്ചറിഞ്ഞ് ആശയങ്ങൾ അവതരിപ്പിക്കുന്നു | വിവരണം പ്രസംഗം | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 2 വിവിധ രചനകളിൽ ഏർപ്പെട്ടും ആശയ സ്വാതന്ത്ര്യഘടന, ഉചിതമായ ഭാഷ, പ്രസക്തമായ ഉദ്ധരണികകൾ എന്നിവയോടെ ഉപന്യാസങ്ങൾ മുഖപ്രസംഗം, റിപ്പോർട്ട് മുതലായവ തയ്യാറാക്കുന്നു. | ഉപന്യാസ രചന മുഖ പ്രസംഗം പത്ര റിപ്പോർട്ട് | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | പാഠപുസ്തകം | മലയാളം ക്ലബ് അംഗങ്ങൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 സംസ്കൃതം UP വിഭാഗം

**ലക്ഷ്യങ്ങൾ**

- സംസ്കൃതഭാഷ പരിചയപ്പെടുത്തൽ
- സംസ്കൃത ഭാഷാശേഷി വികസനം
- സംസ്കൃതഭാഷയുടെ ലളിതമായ പഠനം
- സംസ്കൃതഭാഷയുടെ സംരക്ഷണം
- സംസ്കൃതഭാഷയുടെ ലളിതമായ പ്രയോഗം
- സംസ്കൃതഭാഷയോട് അഭിമാനം വളർത്തിയെടുക്കൽ
- ഭാഷാലാബ് നിർമാണം.

**ഭൗതിക ഘടകങ്ങൾ :-** അധ്യാപകർ, പാഠപുസ്തകം, വിവരസാങ്കേതികവിദ്യ, ലൈബ്രറി, പ്രഗൽഭരായ വ്യക്തികൾ

| ക്രമ നമ്പർ | കാര്യപരിപാടി | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|---|---|
| 1 | ഭാഷാമാധുരി<br>1. അക്ഷരപരം | • സ്വര-വ്യഞ്ജനാക്ഷരങ്ങളെ നല്ലതു പോലെ ഉറപ്പിക്കൽ.<br>• അക്ഷരകേളി നടപ്പാക്കൽ<br>• അക്ഷരക്കാർഡ് നൽകൽ<br>• ഐ.സി.ടിയിലൂടെ അക്ഷരങ്ങളുടെ പരിചയപ്പെടുത്തൽ<br>• അക്ഷരോച്ചാരണ കേളികൾ നടത്തൽ | രണ്ടുമാസം ജൂൺ-ജൂലൈ | 5,6,7 | അക്ഷരപ്രയോഗത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>ഭാഷയിലേക്കുള്ള ഒരു കാൽവെപ്പ്<br><br>പദങ്ങൾ നല്ലവണ്ണം ഉപയോഗിക്കുന്നതിനും വാക്യം നിർമ്മിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക |
| | 2. പദപരം | • ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ<br>• ചിഹ്നങ്ങൾ ചേർക്കുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കൽ | മൂന്നു മാസം ജൂൺ-ആഗസ്റ്റ് | | |
| | 3. വാക്യപരം | • നാമപദം ക്രിയാപദങ്ങൾ പരിചയപ്പെടുത്തൽ<br>• പദകാർഡുകൾ നിർമ്മിക്കൽ<br>• ചിത്ര നിരീക്ഷണങ്ങളിലൂടെ പദം പരിചയപ്പെടൽ<br>• സംഖ്യാപദങ്ങളുടെ പരിചയപ്പെടൽ<br>• സംഖ്യാപ്രദർശനം<br>• ലഘുവാക്യ നിർമാണം<br>• കർത്താവ്, കർമ്മം, ക്രിയതുടങ്ങിയ | നാലുമാസം ജൂൺ-സെപ്റ്റംബർ | | |

| | | | | | |
|---|---|---|---|---|---|
| | | വാക്യഘടകങ്ങളുടെ പരിചയപ്പെടുത്തൽ<br>• പ്രാദേശിക ഭാഷയിലെ ചെറു വാക്യങ്ങളുടെ സംസ്കൃത തർജ്ജമകൾ ഉണ്ടാക്കൽ | | | |
| 2 | പഠനകിരണം<br>1.വായനാപരം<br><br><br><br><br><br><br><br><br><br><br><br><br><br>2.രചനാപരം | • പുസ്തകങ്ങളെ പരിചയപ്പെടൽ<br>• വായനാസ്പർദ്ധ<br>• സംസ്കൃതത്തിലുള്ള പത്രങ്ങളും മാസികകളും ലേഖനങ്ങളുമെല്ലാം ശേഖരിക്കുന്നു<br>• നന്നായി വായിക്കുന്നവർക്ക് അനുമോദനം നൽകാം.<br>• വായനാനുഭവം പങ്കുവെക്കാം.<br>• സംസ്കൃതത്തിലുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അടങ്ങുന്ന ഒരു പ്രദർശനം സംഘടിപ്പിക്കുന്നു<br>• സ്കൂൾ ലൈബ്രറി<br>• വായനോത്സവം<br>• സുഭാഷിത സ്പർദ്ധ<br><br>• ചെറുവാക്യങ്ങളുടെ ലേഖനം<br>• ആശംസാപത്ര നിർമ്മാണം<br>• പോസ്റ്റർ നിർമ്മാണം<br>• സമസ്യാപൂരണം<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• അക്ഷരശ്ലോക സ്പർദ്ധ<br>• ടിപ്പണി ലേഖനം | ആറുമാസം ജൂൺ- നവംബർ | 5,6,7 | കുട്ടികളുടെ ബൗദ്ധിക ചിന്തകളെ ഉത്തേജിപ്പിക്കുക.<br><br>വായനാശീലം വളർത്തുക.<br><br>നിരീക്ഷണപാടവം വളർത്തുക<br><br>ഭാഷ കൈകാര്യം ചെയ്യുവാനുള്ള അറിവ് നേടുക<br><br>അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക |
| 3 | സർഗ്ഗമയം | • സംസ്കൃതക്ലബ് രൂപീകരണം<br>• സംസ്കൃതദിനാചരണം<br>• സംസ്കൃതവുമായി ബന്ധപ്പെട്ട് വാത്മീകിജയന്തി, കാളിദാസ | എട്ട് മാസം ജൂലൈ- ഫെബ്രുവരി | 5,6,7 | കുട്ടികളിലെ സർഗാത്മക നൈപുണിയുടെ വികാസം |

| | | | | | |
|---|---|---|---|---|---|
| | | ജയന്തി, രാമായണ മാസാചരണം എന്നിവ നടത്തൽ<br>• ദിനാചരണങ്ങ ളോടനുബന്ധിച്ച് പ്രഗല്ഭരായ ആളുകളെക്കൊണ്ട് ക്ലാസ് എടുപ്പിക്കൽ<br>• ദിനാചരണങ്ങ ളോടനുബന്ധിച്ച് കലാപരിപാടികളും പ്രദർശനങ്ങളും നടത്തൽ<br>• കലോത്സവങ്ങളോടനു ബന്ധിച്ച് ചെറുകഥ, കവിത, ഉപന്യാസ രച നകൾ, പദ്യംചൊല്ലൽ, ഗാനാലാപനം, അക്ഷരശ്ലോകം, സിദ്ധ രൂപോച്ചാരണം, സംഘ ഗാനം, വന്ദേമാതരം, പ്രഭാ ഷണം, കഥാകഥനം, പാരായണം, നാടകം തുടങ്ങിയ വിവിധ കലാപരിപാടികൾക്ക് കുട്ടികളെ സജ്ജമാക്കൽ | | | |
| 4 | മത്സര പരീക്ഷ | മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. എല്ലാ മാസവും ക്ലാസ് റൂം ക്വിസ്മത്സരം നടത്തുന്നു. മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ഒരു വർഷം<br><br>ജൂൺ - മാർച്ച് | 5,6,7 | മത്സര പരീക്ഷകളോടുള്ള ഭയം അകറ്റൽ. പരീക്ഷാ അടിസ്ഥാനത്തിലു ള്ള പഠന നൈപുണി വളർ ത്തൽ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026 സംസ്കൃതം HS വിഭാഗം

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- അക്ഷരസ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും
- കഥ, കവിത എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവ് നേടും.
- ഭാഷാലാബ് നിർമാണം.
- സംസ്കൃതത്തിൽ ഹ്രസ്വചിത്രങ്ങൾ നിർമാണം.

**ഭൗതിക ഘടകങ്ങൾ** : അധ്യാപകർ, പാഠപുസ്തകം, വിവരസാങ്കേതികവിദ്യ, ലൈബ്രറി, പ്രഗൽഭരായ വ്യക്തികൾ

| ക്രമനമ്പർ | കാര്യപരിപാടി | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|---|---|
| 1 | അക്ഷരമഞ്ജരി<br>1. അക്ഷര പരിശീലനം<br><br>2. ഉച്ചാരണ പരിശീലനം<br><br>3. ചിഹ്നപ്രയോഗ പരിശീലനം | സ്വര-വ്യഞ്ജനാക്ഷരങ്ങളെ നല്ലതു പോലെ ഉറപ്പിക്കുവാനായി എഴുത്തും വായനയും മെച്ചപ്പെടുത്തുന്നു. പിന്നീട് അക്ഷരകാർഡുകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br><br>ഭാഷാപരമായി മുന്നിലേക്കെത്തുന്നതിന് വാചനകൗശലവും അത്യന്താപേക്ഷിതമാണെന്നു കണക്കാക്കി ഉച്ചാരണ പാടവം വർദ്ധിപ്പിക്കാനുള്ള പരിശീലനം നൽകുന്നു ഇതിനായി പാട്ടുകളും സിഡികളും പ്രയോജനപ്പെടുത്താവുന്നതാണ്<br><br>അക്ഷരളെ ചിഹ്നങ്ങളുമായി ചേർത്ത് ഉച്ചരിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു | രണ്ടുമാസം<br>ജൂൺ-ജൂലൈ | 8,9 | അക്ഷരപ്രയോഗത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ |
| 2 | പദവാക്യപ്രദീപം<br>1. പദാവലീപഠനം<br>2. വ്യാകരണം | നാമപദങ്ങളെയും ക്രിയാപദങ്ങളെയും പരിചയപ്പെടുത്തി അവയുടെ പ്രയോഗങ്ങളെ നല്ലവണ്ണം മനസ്സിലാക്കി കൊടുക്കുന്നു. | ആറുമാസം<br>ജൂൺ-നവംബർ | 8,9,10 | ഭാഷയിലേക്കുള്ള ഒരു കാൽവെപ്പ്<br>പദങ്ങൾ നല്ലവണ്ണം |

| ക്രമനമ്പർ | കാര്യപരിപാടി | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|---|---|
| | | • വർത്തമാന-ഭൂത-ഭവിഷ്യത്കാലങ്ങൾ<br>• ക്ത്വാന്ത-ല്യബന്ത-തുമുന്നന്താവ്യയങ്ങൾ<br>• കർത്തരി-കർമ്മണി പ്രയോഗങ്ങൾ<br>• കാരകവിഭക്തികൾ<br>• ഉപപദവിഭക്തികൾ<br>• വാക്യനിർമ്മാണം<br>• സിദ്ധരൂപപരിശീലനം | ആറുമാസം<br><br>ആഗസ്റ്റ്-ജനുവരി | | ഉപയോഗിക്കുന്നതിനും വാക്യം നിർമ്മിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക |
| 3 | പഠനദീപ്തി | • ഗദ്യപാരായണം<br>• സ്കൂൾ ലൈബ്രറി<br>• വായനോത്സവം<br>• സംഖ്യാപ്രദർശനം<br>• പുസ്തകങ്ങളെ പരിചയപ്പെടൽ<br><br>സംസ്കൃതത്തിലുള്ള പത്രങ്ങളും മാസികകളും ലേഖനങ്ങളുമെല്ലാം ശേഖരിച്ച് ആഴ്ചയിൽ ഒരു ദിവസം വായനക്കായി മാറ്റിവയ്ക്കുന്നു. നന്നായി വായിക്കുന്നവർക്ക് അനുമോദനം നൽകാം. വായനാനുഭവം പങ്കുവെക്കാം. സംസ്കൃതത്തിലുള്ള മറ്റ് ശാസ്ത്രഗ്രന്ഥങ്ങൾ അടങ്ങുന്ന ഒരു പ്രദർശനവും സംഘടിപ്പിക്കാവുന്നതാണ്. | ഒരു വർഷം<br><br>ആഴ്ചയിൽ ഒരു ദിവസം വീതം | 8,9,10 | കുട്ടികളുടെ ബൗദ്ധിക ചിന്തകളെ ഉത്തേജിപ്പിക്കുക.<br><br>വായനാശീലം വളർത്തുക. |
| 4 | ഭാഷാദീപ്തി | അക്ഷരങ്ങളെയും പദ-വാക്യ-വ്യാകരണങ്ങളെയും അറിഞ്ഞതിനുശേഷം ഇവ ഉപയോഗിച്ച് വിദ്യാലയസംബന്ധിയായ പഠനത്തെ കൈകാര്യം ചെയ്യലാണ് ഈ പ്രവർത്തനത്തിൽ നടത്തുന്നത്. ഉദാഹരണം<br><br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ടിപ്പണി ലേഖനം<br>• പോസ്റ്റർ നിർമ്മാണം | നാലുമാസം<br><br>സെപ്റ്റംബർ-ഡിസംബർ | 8,9,10 | ഭാഷ കൈകാര്യം ചെയ്യുവാനുള്ള അറിവ് നേടുക<br><br>അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക |

| ക്രമന<br>മ്പർ | കാര്യപരിപാടി | പ്രവർത്തനങ്ങൾ | കാല<br>ദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ |
|---|---|---|---|---|---|
| | | • ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• സമസ്യാപൂരണം<br>• സുഭാഷിത സ്പർദ്ധ<br>• അക്ഷരശ്ലോക സ്പർദ്ധ<br>ഇവ കൂടാതെ ചെറിയ വിഷയങ്ങൾ നൽകി സംഘങ്ങളായി ലേഖനങ്ങളും വ്യക്തിഗതമായ കഥാ-കവിതകളും തയ്യാറാക്കുക. ഇവ ഉൾപ്പെടുത്തി മാസിക തയ്യാറാക്കുക. | | | |
| 5 | സർഗ്ഗദീപ്തി | സംസ്കൃതക്ലബ് രൂപീകരിണം സംസ്കൃത ദിനത്തോടനുബന്ധിച്ചും മറ്റ് വിശേഷദിവസങ്ങളിലുമായി പ്രശ്നോത്തരി, പദ്യോച്ചാരണം, പ്രസംഗം, രചനാ മത്സരങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ സർഗീയവാസനകൾ കണ്ടെത്തി അനുമോദിക്കുകയും അവയുടെ പ്രോത്സാഹനത്തിനുവേണ്ട പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് തന്നെ അഷ്ടപദി, പദ്യംചൊല്ലൽ, പ്രശ്നോത്തരി, അക്ഷരശ്ലോകം, നാടകം എന്നീ കലകൾക്ക് വേണ്ട പ്രത്യേകം ക്ലബ്ബുകൾ രൂപീകരിച്ച് പ്രഗല്ഭരായ ആളുകളെക്കൊണ്ട് അവർക്കുവേണ്ട ക്ലാസ് എടുപ്പിക്കുന്നു<br>സംസ്കൃതത്തിൽ വിവിധ ഡോക്യുമെന്ററികൾ നിർമ്മിക്കൽ | ഒരു വർഷം<br>ജൂൺ - മാർച്ച് | 8,9,10 | കുട്ടികളിലെ സർഗാത്മക നൈപുണിയുടെ വികാസം |
| 6 | മത്സര പരീക്ഷ | മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. എല്ലാ മാസവും ക്ലാസ് റൂം ക്വിസ്മത്സരം നടത്തുന്നു. മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ഒരു വർഷം<br>ജൂൺ - മാർച്ച് | 8,9,10 | മത്സര പരീക്ഷകളോടുള്ള ഭയം അകറ്റൽ. പരീക്ഷാ അടിസ്ഥാനത്തിലുള്ള പഠന നൈപുണി വളർത്തൽ. |

# UP - HINDI

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 5,6,7, ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ :<br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുന്നു. പഠിപ്പിക്കുന്നു. | പുതിയ പദങ്ങൾ, വാക്കുകൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ കണ്ടെത്തുന്നതിനുള്ള അവസരം കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സി. ഡി. യിൽ അക്ഷര രചന കാണിക്കൽ എന്നിവ സമാന അക്ഷരങ്ങൾ, പദങ്ങൾ എന്നിവ കണ്ടെത്താനും വായിക്കാനും പഠിപ്പിക്കും | ജൂൺ – ഫെബ്രുവരി | ഹിന്ദി അധ്യാപിക | അക്ഷര ചാർട്ട് ടെക്സ്റ്റ് ബുക്ക്, അക്ഷര കാർഡ് | BRC<br>DIET<br>SCERT<br>ആവശ്യമെങ്കിൽ Teachers |
| 2 ഹിന്ദി വായന : തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിപ്പിച്ച് കേൾപ്പിച്ച് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ, വായനാകാർഡുകൾ, സിഡികൾ എന്നിവ കാണിക്കും. | ജൂൺ<br>ഫെബ്രുവരി | | വായന കാർഡ് പുസ്തകങ്ങൾ, ഹിന്ദി നിഘണ്ടു. | PTA<br>BRC<br>Resource Teachers |

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | മിക്കവാറും ഹിന്ദി മാത്രം ക്ലാസ്സിൽ സംസാരിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. അവർക്ക് അറിയാവുന്ന വാക്കുകൾ ഹിന്ദിയിൽ തന്നെ പറയാൻ പഠിപ്പിക്കും. ഹിന്ദി മാത്രം അറിയാവുന്നവരെ പരിചയപ്പെടുത്തും. തുടർച്ചയായ വായനക്ക് അവസരം, മത്സരവായന എന്നിവ | ജൂൺ – ഫെബ്രുവരി | ഹിന്ദി അധ്യാപിക | അക്ഷര ചാർട്ട് ടെക്സ്റ്റ് ബുക്ക്, അക്ഷര കാർഡ് | BRC<br>DIET<br>SCERT<br>ആവശ്യമെങ്കിൽ Teachers |
| സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം ഒരുക്കും | കവിതകളുടെ ദൃശ്യാവിഷ്കാരങ്ങൾക്ക് അവസരം കൊടുക്കും. നാടകാഭിനയം, പോസ്റ്റർ നിർമാണം, കവിതാ രചന, കഥാ രചന എന്നിവക്ക് അവസരം കൊടുക്കും. | ആഗസ്റ്റ് ഫെബ്രുവരി | ഹിന്ദി അധ്യാപിക | ICT സഹായം | PTA<br>BRC |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി എച്ച്. എസ്സ് 2025-26

## എട്ടാം തരം

| | ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിയ്ക്കൽ ഉച്ചാരണം പരിചയപ്പെടുത്തൽ വായിയ്ക്കൽ | * അക്ഷരവായന<br>*അക്ഷരമെഴുത്ത്<br>*ചിഹ്നമുറപ്പിയ്ക്കൽ<br>*അക്ഷരമാലാപ്രദർശനം(ക്ലാസ്സിൽ) ഉച്ചാരണശുദ്ധി വരുത്തൽ<br>*കൂട്ടക്ഷരപരിചയം<br>*ഹിന്ദി സംഭാഷണ പരിചയം<br><br>*അക്ഷരമലാകാർഡ്<br>*വാക്ക് കാർഡ്<br>*വാക്ക് നിർമ്മാണം<br>*വാക്യനിർമ്മാണം | ജൂൺ മുതൽ ജൂലൈ വരെ | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ഐ. സി.ടി സഹായം | ഹിന്ദിക്ലബംഗങ്ങൾ<br>സഹശിക്ഷകർ |
| 2 | ആഴ്ച മാസം ഓർമ്മ പുതുക്കൽ | *ജനന തിയതി ഹിന്ദിയിൽ എഴുതൽ<br>*വർക്ക് ഷീറ്റ് പൂരണം<br>*ഹിന്ദി കലണ്ടർ നിർമ്മാണം<br>*സംഭാഷണനിർമ്മാണം<br>*നാടകാഭിനയം<br>* കവിതാലപനം<br>കവിതയുടെ ആശയക്കുറിപ്പ് | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു<br>ഐ.സി.ടി<br>പാഠപുസ്തകം | സഹശിക്ഷകർ |

| | | | | | |
|---|---|---|---|---|---|
| | | എഴുതൽ | | | |
| 3 | ആശയങ്ങൾ പ്രകടിപ്പിയ്ക്കാനും സർഗ്ഗാത്മകരചനകൾ വികസിപ്പിയ്ക്കാനുമുള്ള അവസരം കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിയ്ക്കാൻ കഴിയുന്ന | *ഹിന്ദി അസംബ്ലി<br>*ദിനാചരണങ്ങൾ( ജൂലൈ 31 , സെപ്തംബർ 14)<br>*ക്ലാസ്സ് ലൈബ്രറി<br>*അധികവായനാസാമഗ്രികളുടെ ഉപയോഗം<br>*ചിത്രം - കഥ പറയൽ<br>*ചിത്രം അടിക്കുറിപ്പ്<br>*കഥ എഴുതൽ<br>*കഥ ബാക്കി എഴുതൽ<br>*കവിതാപൂരണം<br>*സംഭാഷണപ്രദർശനം<br>*പാഠഭാഗാഭിനയം<br>*കവിതാലപനം<br>*കത്തെഴുത്ത്<br>* ഡയറിയെഴുത്ത്<br>* പ്രശ്നോത്തരി | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | സഹശിക്ഷകർ |

# ഒമ്പതാം തരം

| | ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി എഴുതാനും വായിയ്ക്കാനു പിന്നാക്കാം നിൽക്കുന്ന കുട്ടികളെ കണ്ടെടത്തി കൂടുതൽ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് എത്തിയ്ക്കുക.<br>പാഠഭാഗങ്ങളുടെ ആശയം കൃത്യമായി മനസ്സിലാക്കുക. | * വർക്ക് ഷീറ്റുകൾ നൽകുന്നു<br>*ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിയ്ക്കാൻ നൽകുന്നു.<br>*പാഠഭാഗങ്ങളുടെ വായന<br>*ശബ്ദകോശങ്ങളുടെ സഹായത്തോടെ വാക്കുകളുടെ അർത്ഥം കണ്ടുപിടിയ്ക്കൽ | ജൂൺ മുതൽ ജൂലൈ വരെ | വർക്ക് ഷീറ്റ്<br>പാഠപുസ്തകം<br>ഐ. സി.ടി സഹായം | ഹിന്ദിക്ലബംഗങ്ങൾ<br>സഹശിക്ഷകർ |
| 2 | സാഹിത്യത്തിൻെറ വിവിധരൂപങ്ങളെ പരിചയപ്പെടൽ | *വർക്ക് ഷീറ്റ് പൂരണം<br>*എഴുത്ത്, ഡയറി<br>*തിരക്കഥ ,കുറിപ്പ് എന്നിവ എഴുതൽ<br>* കവിതാ കഥാ ലേഖനം എന്നിവയുടെ വായന<br>*കവിതയുടെ ആശയക്കുറിപ്പ് എഴുതൽ | ആഗസ്റ്റ് മുതൽ നവംബർ വരെ | ഹിന്ദി നിഘണ്ടു<br>ഐ.സി.ടി<br>പാഠപുസ്തകം | സഹശിക്ഷകർ |
| 3 | ആശയങ്ങൾ പ്രകടിപ്പിയ്ക്കാനും സ ർഗ്ഗാത്മകരചനകൾ വികസിപ്പിയ്ക്കാനുമുള്ള അവസരം, പോസ്റ്റർ തയ്യാറാക്കൽ.<br>അധികവായന | *ക്ലാസ്സ് ലൈബ്രറി<br>*അധികവായനാസാമഗ്രികളുടെ ഉപയോഗം<br>*പോസ്റ്റർ ന്ർമ്മാണം | ഡിസംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ<br>ഐ.സി.ടി | സഹശിക്ഷകർ |

| | | | | | |
|---|---|---|---|---|---|
| | | *ചിത്രം അടിക്കുറിപ്പ്<br>*കഥ എഴുതൽ<br>*കഥ ബാക്കി എഴുതൽ<br>*കവിതാപൂരണം<br>*സംഭാഷണപ്രദർശനം<br>*പാഠഭാഗാഭിനയം<br>*കവിതാലപനം<br>*കത്തെഴുത്ത് | | | |

## പത്താം തരം

| | ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാശേഷി മെച്ചപ്പെടുത്തുക.<br>പാഠഭാഗങ്ങളുടെ ആശയം കൃത്യമായി മനസ്സിലാക്കുക. | *ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.<br>*പാഠഭാഗങ്ങളുടെ വായന<br>*ശബ്ദകോശങ്ങളുടെ സഹായത്തോടെ വാക്കുകളുടെ അർത്ഥം കണ്ടുപിടിക്കൽ<br>സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കൽ.<br>ഡയറിയെഴുത്ത് | ജൂൺ മുതൽ ജൂലൈ വരെ | പാഠപുസ്തകം<br>ഐ. സി.ടി സഹായം | ഹിന്ദിക്ലബംഗങ്ങൾ<br>സഹശിക്ഷകർ |

| | | | | | |
|---|---|---|---|---|---|
| 2 | സാഹിത്യത്തിൻെറ<br>വിവിധരൂപങ്ങളെ പരിചയപ്പെടൽ<br>ഡയറിയെഴുതുന്ന ശീലം വളർത്തുക. | *വർക്ക് ഷീറ്റ് പൂരണം<br>*എഴുത്ത് , ഡയറി<br>*തിരക്കഥ ,കുറിപ്പ് എന്നിവ എഴുതൽ<br>* കവിതാ കഥാ ലേഖനം എന്നിവയുടെ വായന<br>*കവിതയുടെ ആശയക്കുറിപ്പ് എഴുതൽ | ആഗസ്റ്റ് മുതൽ നവംബർ വരെ | ഹിന്ദി നിഘണ്ടു<br>ഐ.സി.ടി<br>പാഠപുസ്തകം | സഹശിക്ഷകർ |
| 3 | ആശയങ്ങൾ പ്രകടിപ്പിയ്ക്കാനും സർഗ്ഗാത്മകരചനകൾ<br>.വികസിപ്പിയ്ക്കാനുമുള്ള അവസരം,<br>പോസ്റ്റർ തയ്യാറാക്കൽ.<br>അധികവായന.<br>സ്വഭാവസവിശേഷതകളിന്മേൽ<br>കുറിപ്പ് തയ്യാറാക്കുക.<br>ആശയങ്ങൾ വിവിധതരത്തിൽ<br>ആവിഷ്ക്കരിയ്ക്കുക. | *ചരിത്രക്കുറിപ്പ് തയ്യാറാക്കുക<br>*അധികവായനാസാമഗ്രികളുടെ ഉപയോഗം<br>*പോസ്റ്റർ ന്ർമ്മാണം<br>*ഉപന്യാസരചന<br>*കഥാരചന<br>*കവിതാപൂരണം<br>*സംഭാഷണപ്രദർശനം<br>*പാഠഭാഗാഭിനയം<br>*കവിതാലപനം<br>*കത്തെഴുത്ത് | ഡിസംബർ മുതൽ<br>ജനുവരി വരെ | പുസ്തകങ്ങൾ<br>ഐ.സി.ടി | സഹശിക്ഷകർ |

## ഹിന്ദി ക്ലബ് പ്രവർത്തനം

1. മാസത്തിൽ ഒരു പ്രാവശ്യം ഹിന്ദി അസംബ്ലി സംഘടപ്പിയ്ക്കൽ.

2 . ഫ്ലാഷ് കാർഡ് ( അക്ഷരം , വാക്ക് എന്നിവയുടെ നിർമ്മാണം)

3. അക്ഷരമാലാ ചാർട്ട് നിർമ്മാണം.

4. ഒരു ദിവസം ഒരു വാക്ക് പ്രദർശനം

5. ശേഖരിച്ച വാക്കുകളുടെ കോശനിർമ്മാണം.

6.നിത്യോപയോഗസാധനങ്ങളുടെ ആൽബം ഹിന്ദിയിൽ തയ്യാറാക്കുക

7. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിയ്ക്കുക.

8. മാസികാനിർമ്മാണം.

9. ഭാഷാലാബ് ഒരുക്കൽ

10.ദിനാചരണങ്ങളുടെ സംഘാടനം.

11. സ്കൂൾ കലോൽസവത്തിൽ മിഴുവൻ അംഗങ്ങളുടെ പങ്കാളിത്തം.

## സാമൂഹ്യശാസ്ത്രം - UP

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിന് | **നാട്ടുപെരുമ**<br>നാട്ടിലെ - പ്രാദേശിക ഐതീഹ്യങ്ങളുടെ (ആരാധനാലയങ്ങൾ, ഉൽസവങ്ങൾ തുടങ്ങിയവ) ചരിത്രം നാൾവഴികൾ തുടങ്ങിയവ അന്വേഷിച്ച് കണ്ടെത്തുകയും, പ്രാദേശിക ചരിത്ര രചന പുസ്തകത്തിന്റെ ഭാഗമാക്കുകയും പൊതുസമൂഹത്തിന് പകർന്നു നൽകുകയും ചെയ്യുന്നു. | ആഗസ്റ്റ് - ഡിസംബർ | ക്ലാസ്സ് അധ്യാപകർ | |
| പഠിതാക്കളിൽ പരിസ്ഥിതി സംരക്ഷണബോധം കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് | പ്രാദേശിക ജൈവ വൈവിധ്യം തിരിച്ചറിയുന്നതിന് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു - പുഴ, കാട്, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് - പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. ഇതിനോടൊപ്പം സ്ക്കൂളിലെ ജൈവ വൈവിധ്യ ഉദ്യാനം തുടങ്ങി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സഹജീവികളോടു ഇതു സമഭാവന വളർത്തിയെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു | വനമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശത്തെ കുട്ടികൾക്ക് - വന്യജീവികളുടെ അധിനിവേശം മൂലം നേരിടുന്ന - കൃഷിനാശം, ജനജീവിതത്തെ ബാധിക്കുന്നതുമായ സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ച് ആവശ്യമായ പിൻതുണ നൽകുന്നതിന് - ഇതിന്റെ കാര്യകാരണങ്ങൾ അന്വേഷിക്കുന്നതിനും ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും പൂജകൾ വികസിപ്പിക്കുന്നു. | വർഷം മുഴുവനും | ക്ലാസ്സ് അധ്യാപകർ | |
| റോസ് - സൈബർ സുരക്ഷ ബോധവൽക്കരണ പ്രവർത്തനം | റോഡ് സുരക്ഷ നിയമ സഹായം, സൈബർ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തി ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ, സുരക്ഷ, സൈൻ ബോർഡുകൾ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കും. | ഡിസംബർ, ജനുവരി | കൺവീനർ സോഷ്യൽ സയൻസ് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനും പഠനം ലളിതവും രസകരവും ശാസ്ത്രീയവും പ്രക്രിയാബന്ധിതവുമാക്കുന്നതിന് | സ്ക്കൂളിലെ ജിയോ ലാബ് പ്രയോജനപ്പെടുത്തി ഭൂമിശാസ്ത്ര പഠനത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br><br>ഇതുമായി ബന്ധപ്പെടുത്തി ഞാറ്റുവേല കലണ്ടർ തയ്യാറാക്കുന്നു. അതിന്റെ തുടർ പ്രവർത്തനമെന്ന രീതിയിൽ കൃഷിത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ തയ്യാറാക്കുന്നതിന്<br><br>**പ്രാദേശിക വിഭവ ഭൂപട നിർമ്മാണം**<br><br>നാട്ടിലെ കൃഷി, അടിസ്ഥാന സൗകര്യങ്ങൾ പ്രകൃതി വിഭവങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി – വിവര ശേഖരണം നടത്തുകയും – നാടിന്റെ സാമ്പത്തിക സാമൂഹ്യ വികസനത്തിന് പദ്ധതി തയ്യാറാക്കുന്ന പ്രോജക്ട് | ജൂൺ മുതൽ സെപ്റ്റംബർ വരെ | സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സുസ്ഥിര വികസനം മാലിന്യ സംസ്കരണം | ജൈവ അജൈവ മാലിന്യം സംസ്കരണത്തിന് - ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. പ്ലാസ്റ്റിക് പേപ്പർ, ലോഹങ്ങൾ തുടങ്ങിയവ ശേഖരിച്ച് - പഞ്ചായത്ത് - ഹരിതകർമ്മ സേനക്ക് കൈമാറുന്നു, ജൈവ മാലിന്യങ്ങൾ സ്ക്കൂളിലെ പച്ചക്കറി തോട്ടത്തിനും ജൈവ വൈവിധ്യമാക്കി മാറ്റുന്നു. ആധുനിക സംവിധാനങ്ങൾ - ചെയ്യുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം നിലവാരം ഉയർത്തുന്നതിന് | കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് ഇവയുടെ സഹായത്തോടെ സാമൂഹ്യ ശാസ്ത്ര പഠനത്തിലെ പ്രക്രിയാശേഷികളെ വികസിപ്പിക്കുന്ന<br><br>നിരീക്ഷണം - കുറിപ്പുകൾ - ഡിജിറ്റലൈസേഷൻ ആക്കി പ്രസിദ്ധീകരിക്കുന്നു<br><br>വിവരശേഖരണം - വർഗ്ഗീകരിച്ച് പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു.<br><br>ജലദൗർലഭ്യം, കൃഷിനാശം, സ്വാഭാവിക സസ്യങ്ങളുടെ നാശം മണ്ണിന്റെ നൈസർഗ്ഗീകത നഷ്ടപ്പെടാൻ ഇടവന്നു. | വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ | |

## മേഖല - ഹൈസ്ക്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും :** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. **വയൽ കിളികൾ :** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂകളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. (നിശ്ചയിച്ച തിയ്യതികളിൽ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്ക്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ :** സ്ക്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ്, പൗരബോധം, | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **<u>സ്റ്റാർട്ട് അപ്പ് :</u>**<br>സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. (നിശ്ചയിച്ച തിയ്യതികളിൽ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്ക്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക | **<u>ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :</u>**<br>സർവ്വേ പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **<u>പട്ടു പാതയിലൂടെ :</u>**<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. അറ്റലസ്, മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | **മൈ സിനിമാ റൂം :**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ. പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം മുതലായ സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്ക്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം :**<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

## ഹൈസ്ക്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1. അത്ഭുത കണ്ണിലൂടെ :**<br>കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പക്കുക | **ലഘുപരീക്ഷണങ്ങൾ :**<br>● സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>● പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| **2. ശാസ്ത്ര ലോകത്തേക്ക് :**<br>നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷ് നേടുകയും ചെയ്യുന്നു. | ● ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>● ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ.<br>സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **3. ഹൈടെക് വേൾഡ് :**<br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ● ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>● സയൻസ് ലാബ്, ഐടി ലാബ് എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി.ടി.എ.<br>പി.ടി.എ. |
| 4. ആയുർ രേഖ :<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ● കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു<br>● സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| 5.വൈജ്ഞാനിക ബഹിർസ്ഫുരണം :<br>ആന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | ● പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>● ജില്ലാ സംസ്ഥാന തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| | ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>**<u>എക്സ്പോ - എക്സ്പ്ലോർ :</u>**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **<u>ശാസ്ത്ര വിസ്മയ ചുമർ :</u>**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു. | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ | |
| | **<u>യുറേക്കാ :</u>**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി | അക്കാദമിക വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് :-<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം ജൈവ വേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക്<br>**<u>പരീക്ഷണ കളരി</u>**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്ക്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | **<u>മാസ്റ്റർ മൈന്റ്</u>**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
| --- | --- | --- | --- | --- |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച്<br><br>**വിസ്മയ യാത്ര :**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN

## MATHEMATICS 2025 - 26

## G.H.S.S. MACHAD

## U P - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1 അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. (ഗണിത കളികൾ, വർക്കഐ ഷീറ്റ്, നമ്പർ കാർഡ്, ഫ്ളാഷ് കാർഡ് തുടങ്ങിയവ) | ജൂൺ മാസം | ഗണിത അധ്യാപകർ | പി.ടി.എ., ഗണിത ക്ലബ്ബ് |
| 2 രസകരമായ ഗണിത ശാസ്ത്ര പഠനവും ചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ, ജ്യാമതീയ ശിൽപ്പശാല, ഗണിതമേള | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3 ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ്, കുസൃതി കണക്കുകൾ | ആവശ്യാനുസരണം | ഗണിത അധ്യാപകർ | പി.ടി.എ., ഗണിത ക്ലബ്ബ് |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലീനിക്, സംഘപഠനം**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു തവണ | ഗണിത അധ്യാപകരും, സമർത്ഥരായ കുട്ടികളും | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കാൻ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിന്നവർ) കൊണ്ട് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. സെമിനാറുകൾ, ഗണിത മാഗസിൻ നിർമ്മാണം. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |
| 6. പുതിയ ആശയങ്ങളുടെ ധാരണ ഉറപ്പിക്കൽ | ഗണിത പ്രോജക്ടുകൾ | പാഠഭാഗത്തിനനുസരിച്ച് | ഗണിത അധ്യാപകർ | |
| 7. ഗണിത പഠനത്തിൽ താൽപര്യം വളർത്താൻ | ഗണിത ക്വിസ്, ഗണിത ലൈബ്രറി, ദിനാചരണങ്ങൾ, ഗണിത അസംബ്ലി | | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗിപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ വേഗത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | പ്രി - ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ. തുടർന്ന് ഗണിത ക്ലിനിക്ക് | ജൂൺ | അധ്യാപകർ, ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 2. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതാഭിരുചി വളർത്തുക | നിത്യ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഗണിതം ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൽ<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | തുടർ പ്രവർത്തനം | അധ്യാപകർ<br>പി.ടി.എ. | പി.ടി.എ. |
| 3. നിർമ്മിതികളിലെ താത്പര്യം ഉണ്ടാക്കുക | ജ്യാമിതിപ്പെട്ടിയുടെ ലഭ്യത ഉറപ്പാക്കൽ, ശിൽപശാലകൾ സംഘടിപ്പിക്കൽ | ടേമിൽ ഒരു തവണ | അധ്യാപകർ<br>പി.ടി.എ. | പി.ടി.എ. |
| 4. ദിനാചരണങ്ങൾ നടത്തുക വഴി ഗണിതാഭിമുഖ്യം വർധിപ്പിക്കുക | ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങൾ കണ്ടെത്തി നടത്തുന്ന പ്രവർത്തനങ്ങൾ.<br>ജൂൺ 19 - പാസ്കർ ദിനം<br>ജൂലൈ 22 - II Approzimation Day<br>ഡിസംബർ 22 - ഗണിത ദിനം | 2025 - 26 അകാദമിക വർഷത്തിൽ ഉടനീളം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ് അംഗങ്ങൾ | അധ്യാപകർ<br>എച്ച്.എം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 5. ഗണിതത്തിൽ വിജയ ശതമാനം വർധിപ്പിക്കുക | ടേം അടിസ്ഥാനത്തിൽ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സംഘപഠനം വഴി മുന്നോട്ട് കൊണ്ടുവരിക | ടേം ന്റെ അവസാനത്തിൽ പരീക്ഷയ്ക്ക് മുന്നോടിയായി | മുതിർന്ന കുട്ടികൾ അധ്യാപകർ ഗണിത ക്ലബ്ബ് അംഗങ്ങൾ | ടീച്ചേഴ്സ് എച്ച്.എം |
| 6. ഗണിത മത്സര വേദികളിലേക്ക് കുട്ടികളെ ഒരുക്കൽ | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിത ശാസ്ത്ര മത്സരങ്ങളിൽ ഉൾപ്പെടുത്താവുന്ന നൂതന ആശയങ്ങളെ കുറിച്ച് ചർച്ച പ്രവർത്തനം | ടേം രണ്ട് | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിത അധ്യാപകർ | ടീച്ചേഴ്സ് എച്ച്.എം. പി.ടി.എ. |
| 7. ഗണിത ലാബ് | ശിൽപശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | ടേം രണ്ട് ടേം മൂന്ന് | ഗണിത ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പി.ടി.എ. | പി.ടി.എ. |
| 8. രക്ഷിതാക്കൾക്ക് ബോധവൽകരണം | ഗണിതാഭിമുഖ്യം വർധിപ്പിക്കാൻ ക്ലാസ് പി.ടി.എ.യ്ക്കൊപ്പം ക്ലാസ്സുകൾ | ടേമിൽ ഒന്ന് | എല്ലാ അധ്യാപകർക്കും | പി.ടി.എ. എച്ച്.എം. |

ആരോഗ്യ കായിക വിദ്യാഭ്യാസം

മനുഷ്യ ജീവിതത്തിൽ സാക്ഷരതയുടെ പ്രാധാന്യവും സ്വാധീനവും ഏറ്റവും മികച്ച രീതിയിൽ ബോധ്യപ്പെട്ടവരും ബോധ്യപ്പെടുത്തിയവരുമാണ് നാം കേരളീയർ.

ആരോഗ്യകരമായ സാമൂഹിക ജീവിതത്തിന് സാക്ഷരത വഹിക്കുന്ന പങ്ക് എന്തെന്ന് കേരളീയസമൂഹത്തിലൂടെ ലോകം തന്നെ തിരിച്ചറിഞ്ഞു. നവോത്ഥാന മുന്നേറ്റങ്ങൾക്ക് സാമൂഹിക ജീവിതത്തിലെ സർവതല സ്പർശിയായ മുന്നേറ്റങ്ങൾക്ക് അടിത്തറ പാകുന്നതിൽ സമ്പൂർണ സാക്ഷരത വഹിച്ച പങ്ക് എത്രത്തോളം വലുതാണെന്ന് കേരളീയർ ഇന്നും ഈ മഹാമാരി കാലത്തും സ്വയമേവയും തിരിച്ചറിയുന്നു.

ഈ മഹാമാരി കാലം ലോകത്തെ ആകെ പിടിച്ചുലപ്പോൾ വലിയൊരു തിരിച്ചറിവിലേക്ക് കൂടി അത് ലോകത്തെ നയിക്കുന്നത് നാം കണ്ടു ആരോഗ്യ കായിക ക്ഷമതയുടെ പ്രാധാന്യവും അതിൽ നമ്മുടെ സമൂഹം എത്ര പിറകിൽ ആണ് എന്ന് ബോധ്യപ്പെടുത്തലും ഈ കാലം സമ്മാനിച്ചു. ആരോഗ്യ കായികക്ഷമത ആർജ്ജിക്കേണ്ട ത്തിൻറെ ആവശ്യകത അത് കേവലം രോഗപ്രതിരോധശേഷി ആർജിക്കുന്നതിലുപരിയായി ലോകാരോഗ്യസംഘടനയുടെ നിർവചനപ്രകാരമുള്ള ആരോഗ്യതലം പ്രദാനം ചെയ്യാൻ കഴിയുന്ന നിലയിലേക്ക് നമ്മുടെ സമൂഹത്തെ നയിക്കുമ്പോൾ എത്ര സുന്ദരമാകും നമ്മുടെ ജീവിത താളം.

ശാരീരിക-മാനസിക സാമൂഹ്യ സുസ്ഥിതി എന്നതാണ് ലോകാരോഗ്യ സംഘടന ആരോഗ്യത്തിനു നൽകിയ നിർവചനം.. അത് കേവലം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല എന്ന് സംഘടന ലോകത്തോട് വിളിച്ചു പറയുമ്പോൾ ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിച്ച് നല്ലൊരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നാം ഓരോരുത്തർക്കും കൃത്യമായ കടമകൾ നിർവഹിക്കാൻ ഉണ്ട്.

ശാരീരിക മാനസിക സാമൂഹിക സുസ്ഥിതി വിഭാവനം ചെയ്യുന്ന ഇടങ്ങളാണ് നമ്മുടെ കളിക്കളങ്ങൾ. ആ കളിക്കളങ്ങളുടെ ശരിയായ വിനിയോഗം നാം നടപ്പിൽ വരുത്തേണ്ടതുണ്ട്.

ശാരീരിക മാനസിക വൈകാരിക സന്തുലനാവസ്ഥ കൈവരിക്കുന്നതിന് ആവശ്യമായ പ്രവൃത്തികളെകുറിച്ചും ശീലങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് കായിക സാക്ഷരത ലക്ഷ്യം വെക്കുന്നത്.
ഈ ലക്ഷ്യപ്രാപ്തിയിലേക്ക് നാം എത്തിച്ചേരണമെങ്കിൽ സമൂഹത്തിൻറെ നാനാതുറകളിലൂടെയും ഇത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.
അതിന്റെ ആദ്യ തലം നമ്മുടെ വളർന്നു വരുന്ന പുതുതലമുറയിലൂടെ തന്നെ ആകേണ്ടതുണ്ട്.
പ്രാഥമിക വിദ്യാഭ്യാസ തലം തൊട്ട് തന്നെ അതിനുള്ള സാഹചര്യം സൃഷ്ടിക്കുക വഴി നല്ലൊരു കായിക സംസ്കാരം വളർത്തിക്കൊണ്ടുവരാൻ നമുക്ക് സാധിക്കും.
കളിക്കളങ്ങിലൂടെ എങ്ങിനെ ആരോഗ്യ-കായിക ക്ഷമത ആർജ്ജിക്കാൻ കഴിയുമെന്നതിനുള്ള കൃത്യമായ പരിശീലനമാകണം നാം അവരിലേക്ക് പകർന്നു നൽകേണ്ടത്.

2009 സമ്പൂർണ കായികക്ഷമതാ പദ്ധതി (TPFP) ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ കേവലം 4.16 % കുട്ടികൾക്ക് മാത്രമാണ് മെച്ചപ്പെട്ട ആരോഗ്യസ്ഥിതി ഉള്ളതെന്ന് ആ ഘട്ടത്തിൽ ഞെട്ടലോടെ തന്നെ നാം മനസ്സിലാക്കിയിട്ടും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിൽ നാം പിന്നോട്ട് പോയി.
12 വർഷങ്ങൾക്കിപ്പുറം നമ്മുടെ കുട്ടികളുടെ അവസ്ഥ അതിലും ദയനീയമാണെന്ന് മനസ്സിലാക്കാൻ ഇന്ന് നമുക്ക് പ്രത്യേകിച്ച് ഒരു ടെസ്റ്റുകളുടെയും ആവശ്യമില്ല. ഇന്നത്തെ ജീവിത സാഹചര്യം കുട്ടികളെ വീടുകങ്ങളിലും ഓൺലൈൻ പഠന വഴികളിലും തളച്ചിട്ടപ്പോൾ അവരുടെ ആരോഗ്യ-കായിക ക്ഷമതയിൽ വലിയ തോതിൽ പിന്നോക്കം പോയി എന്ന് മാത്രമല്ല രോഗപ്രതിരോധശേഷി യിൽ തന്നെ വലിയ രീതിയിൽ ശോഷണം സംഭവിച്ചു.

ഇത്തരം സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിന് പുതിയൊരു കായിക സംസ്കാരം വളർത്തിക്കൊണ്ടുവന്നേ പറ്റൂ..
അതിനുള്ള അടിത്തറയാണ്
"കായിക സാക്ഷരതായജ്ഞം".

കാലം നമ്മോടു ആവശ്യപ്പെടുന്നു..
അത് നിറവേറ്റേണ്ടത് മനുഷ്യ ജീവിതത്തിന്റെ തന്നെ അനിവാര്യതയാണ്..

വിവിധങ്ങളായ ഗെയിമുകളിൽ പ്രത്യേക പരിശീലനം

ഫുട്ബോൾ
കബഡി
ഫെൻസിങ്
സോഫ്ട്ബോൾ
ബേസ്ബോൾ
ഖോ ഖോ

എല്ലാ ദിവസവും 3. 15 മുതൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു

വിദഗ്ധ പരിശീലകരുടെ സേവനവും ലഭ്യമാകുന്നു

ഓഗസ്റ്റ് 29 ദേശീയ കായിക ദിനവുമായി ബന്ധപ്പെട്ട് സ്കൂൾ പരിസരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രാദേശിക റാലി സംഘടിപ്പിക്കുന്നു.

സെമിനാർ
പാരെന്റിംഗ്സ്കൂൽ എന്നിവ സംഘടിപ്പിക്കുന്നു.

കാലം നേരിടുന്ന ആരോഗ്യപരമായ വെല്ലുവിളി എന്ന വിഷയത്തിൽ കുട്ടികളിൽ ഉപന്യാസമത്സരം സംഘടിപ്പിക്കും

കായികമേള

സ്കൂൾ തലം

ഹൗസ് അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പുകളായി വിദ്യാർഥികളെ ഒന്നു മുതൽ ഹയർസെക്കൻഡറിവരെ തരംതിരിക്കുന്നു

ഓരോ ഹൗസിനും ലീഡർമാർ, ജനറൽ ക്യാപ്റ്റൻ, ചാർജ്ജുള്ള അധ്യാപകർ എന്നിങ്ങനെ ഘടന രൂപീകരിക്കുന്നു

ഇന്റുമറൽ കോമ്പറ്റീഷൻ സംഘടിപ്പിക്കുന്നു

മൈതാനമാണ് ലഹരി എന്ന സന്ദേശം ഉയർത്തി

കാറ്റഗറി അനുസരിച്ച് ക്ലാസ് അടിസ്ഥാനത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

(ജൂലൈ മാസം ആദ്യ ആഴ്ച്ച)

തിരഞ്ഞെടുക്കപ്പെടുന്ന ഇനങ്ങളിൽ മത്സരം നടത്തുകയും സമ്മാനദാനം അസംബ്ലിയിൽ നടത്തപ്പെടുന്നു.

വീട്ടിൽ ഒരു വ്യായാമമുറി എന്ന സങ്കല്പം ലക്ഷ്യം വെച്ച്
വിദ്യാർത്ഥികൾക്ക് വിവിധ പരിശീല ക്ലാസുകൾ നൽകുന്നു
(ജൂലൈ മുതൽ ജനുവരി വരെ)
വീട്ടിലെ എല്ലാ അംഗങ്ങളെയും ചേർത്തുകൊണ്ട് ഒരു മാസത്തിൽ ആഴ്ചയിൽ ഒന്ന് വീതം എന്ന നിലയിൽ ഏകീകരണ സ്വഭാവത്തോട് കൂടിയുള്ള വ്യായാമങ്ങൾ നൽകുന്നു.

സമ്മർദ്ദം ഒഴിവാക്കാം ആനന്ദ ലഹരിയോടെ വ്യായാമം

എല്ലാ മാസവും വെള്ളിയാഴ്ചകളിൽ ഉച്ചതിരിഞ്ഞ് അരമണിക്കൂർ വിദ്യാർത്ഥികൾ ഒരുമിച്ച് എന്നി വ്യായാമങ്ങൾ പരിശീലിക്കുന്നു.

എല്ലാവർക്കും ആരോഗ്യം എന്ന്നീ സങ്കല്പത്തിലൂടെ അധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും ഉയർന്ന കാര്യക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യം വെച്ച്
മാസത്തിൽ ഒരുതവണ യോഗ ഉൾപ്പെടുന്ന ലഘു വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നു
(എല്ലാ മാസ അവസാന ആഴ്ചകളിലെ ആദ്യ തിങ്കളാഴ്ച)

# MASTER PLAN

# കലാപഠനം

ക്രിയാത്മ പ്രവർത്തനങ്ങൾ ലക്ഷ്യം വെച്ചുകൊണ്ടുള്ള വിഷയ മേഖല യായ കലാപഠനത്തിന് അതാത് വിദ്യാലയങ്ങളിൽ കുട്ടികൾക്ക് കലാപഠനത്തിന് ആവശ്യമായ അറിവുൽപാദനം ലഭിക്കുന്നിന് അധ്യാപകരേ നിയമിക്കുക എന്നത് ശ്രദ്ധയിൽ വന്നാൽ നന്നായിരിക്കും. അവർക്ക് കലാപഠനത്തിനുള്ള സാമഗ്രി കൾ ഉണ്ടോ എന്നുറപ്പുവരുത്തുകയും, അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊ ടുക്കുകയും എന്നത് അത്യാവശ്യ ഘടകമായി പരിഗണിക്കേണ്ടതാണ്. കലാപഠ നത്തിന് നൃത്തകല, ചിത്ര കല, സംഗീതം, സിനിമ, നാടകം എന്നീ 5 വിഷയ ങ്ങൾ കൈകാര്യം ചെയ്യാൻ ആഴ്ചയിൽ ഒരു ഡിവിഷനിൽ ഒരു പിരീഡ് കൊണ്ട് സാധ്യമല്ല. ആയതിനാൽ ആഴ്ചയിൽ ഒരു ഡിവിഷനിൽ 2 പിരീഡെങ്കിലും ക്രമ പ്പെടുത്തിയാലേ ആ വിഷയത്തിലേ അറിവുൽപാദനം കുട്ടികളിലേക്ക് എത്തി ക്കാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ മറ്റുള്ള അധ്യാപകർ അത്ര പ്രാധാന്യം നൽകുന്നില്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. എല്ലാ വിഷയത്തിനും തുല്യ പ്രാധാന്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. പഠനപ്രവർത്തനങ്ങൾ ചെയ്യു മ്പോൾ തൊട്ടപ്പുറത്തും ഇപ്പുറത്തുമുള്ള ക്ലാസ്സിലെ കുട്ടികൾക്ക് വളരെ ബുദ്ധി മുട്ട് അനുഭവപ്പെടുന്നുണ്ട്. അവർക്ക് ക്ലാസ്സിൽ ശ്രദ്ധിക്കാൻ പറ്റാതെ വരുന്നുണ്ട്. അത്തരം സന്ദർഭങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി കലാപഠനത്തിന് ഒരു ക്ലാസ്സ് റൂം അത്യാവശ്യമായി വന്നിരിക്കുന്നു. മിക്ക വിദ്യാലയത്തിലും അത്തരം സൗക ര്യങ്ങൾ ഉണ്ട് എന്നതും ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു. ഒട്ടുമിക്ക പ്രവർത്തന ങ്ങളും ഗ്രൂപ്പായുള്ള കളികളും, സംഘമായുള്ള സംഗീത അവതരണങ്ങളും, നാട കങ്ങളുമെല്ലാം അറിവുൽപാദനം കുട്ടികളിലേക്ക് എത്തിക്കുന്നതിനുള്ള ഘടക മാണ്. അതിനായി മേൽപറഞ്ഞ ക്ലാസ്സ് റൂം സൗകര്യം ഏർപ്പെടുത്തിയാൽ നന്നാ യിരിക്കും. മുന്നത്തേ ഗുരുകുല സമ്പ്രദായത്തിൽ ഡസ്ക്കും, ബഞ്ചും ഇല്ലാതെ നിലത്ത് പുൽപായ, പായ ജംകാളം എന്നിവ വിരിച്ച് സംഗിതം പഠനം നടപ്പിലാ ക്കിയാൽ വളരെ വിപുലമായ സർഗ്ഗാത്മക ലോകത്തേക്ക് ഉള്ള വഴി തുറക്കലും സൽസ്വഭാവ ശുദ്ധിയ്ക്കും, ശാന്തമായ രീതിയ്ക്കും വഴി തുറക്കും. അന്യം നിന്നു പോകുന്ന കലാരൂപങ്ങളേ കുട്ടികളിലേത്തിക്കുന്നതിനും അതിലേ അറിവും, മറ്റ് പ്രാധാന്യങ്ങളും അറിയുന്നതിനും ദൃശ്യാവിഷ്ക്കാരങ്ങൾ കാണിക്കുന്നതിന് കലാ പഠന റൂമിൽ ഒരു പ്രൊജക്റ്റർ വെച്ച് ക്ലാസ്സ് കൊടുക്കുന്ന സംവിധാനവും ഏർപ്പെ ടുത്തണം. ഇത് കുട്ടിയിലേക്ക് കൂടുതൽ അറിവ് ശേഖരണത്തിന് വഴിയൊരു ക്കും. ഓരോ ദിനാചരണത്തിനും അതാത് വിഷയത്തിൽ പ്രശസ്തരായ കലാ കാരന്മാരേ കൊണ്ട് വന്ന് ഒന്നോ രണ്ടോ മണിക്കൂർ കുട്ടികൾക്ക് ക്ലാസ്സുകൾ തര

പ്പെടുത്തിയാൽ നല്ലതാണ്. അതിനുള്ള ഫണ്ട് പി.ടി.എ.യിൽ കൂടിയോ അതുമ ല്ലെങ്കിൽ സ്പോൺസർമാരെ കണ്ടെത്തി അവരിൽ നിന്നും ആവശ്യമായ തുക സ്വരൂപിച്ചാൽ ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്താം. അതുപോലെ കലോ ൽസവങ്ങൾക്ക് കുട്ടികളെ കൊണ്ടു പോകുമ്പോൾ അവർക്ക് ആവശ്യമായ ഒരു പോലുള്ള വസ്ത്രങ്ങൾ ഓരേ ആഭരണങ്ങൾ എന്നിവ വാങ്ങി അവരെ സഹായി ക്കാനും ഈ ഫണ്ട് ഉപയോഗിക്കാം. ഇപ്പോൾ കുട്ടികൾ ആണ് ഈ ചിലവ് വഹി ക്കുന്നത്. കുട്ടികൾക്കുണ്ടാവുന്ന മാറ്റം പ്രത്യേകിച്ച് സംഗീതം കൊണ്ട് മനസ്സിന്റെ ഏകാഗ്രത വർദ്ധിപ്പിക്കാൻ സാധിക്കുന്നു. മാറില്ലെന്ന് ഡോക്ടർമാർ വിധിയെഴു തിയ രോഗങ്ങൾ സംഗീത ചികിത്സയിലൂടെ മാറുന്നു. വെറും ഒരു മിനിറ്റ് 1½ മിനിറ്റ് മാത്രം ശ്രദ്ധ കിട്ടുന്ന ഓട്ടിസം ഭിന്നശേഷി, മക്കൾ കൂടുതൽ ശ്രദ്ധ കേന്ദ്രീ കരിക്കാൻ പ്രാപ്തരാകുന്നു. പാട്ട് പാടുകയും, അവർ തന്നെ കണ്ണുകൾ തന്നെ വായിക്കുകയും, അവർ തന്നെ ചെവികൊണ്ട് കേൾക്കുകയും അവർ തന്നെ കൈകൊണ്ട് താളമിടുകയും ചെയ്യുമ്പോൾ ഒരു നിമിഷം വിവിധ പ്രവർത്ത നങ്ങളാണ് തലച്ചോറിനുള്ളിൽ നടക്കുന്നത്. അതിനാൽ സംഗീത പഠനം ചെയ്യുന്ന കുട്ടികൾക്ക് എല്ലാ മേഖലയിലും മികച്ച പ്രകടനം കാഴ്ച വെയ്ക്കാനുള്ള കഴിവ് ലഭിക്കുന്നു. ഇത്തരം സാധ്യതകളെ മനഃപൂർവ്വം കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധിക്കുമോ. കുട്ടികൾ എല്ലാ സാധ്യതകളോടും കൂടി വളരാൻ അവർക്ക് ആവ ശ്യമുള്ള എന്തും ചെയ്തുകൊടുക്കാൻ വിദ്യാലയങ്ങൾ പ്രാപ്തമാകട്ടെ.

## ഹൈസ്ക്കൂൾ - കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | ● കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക | കലാധ്യാപകർ | അക്കാദമിക വർഷം | പി.ടി.എ. |
| | ● സംഗീതം നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | കലാധ്യാപകർ | ജൂൺ മുതൽ | പി.ടി.എ. |
| 2. കുട്ടികളുടെ സർഗ്ഗവാസനകൾ സ്ക്കൂളിനു ഗുണപ്രദമാക്കുന്നതിന് | സ്ക്കൂളിന്റെ ചുറ്റുമതിൽ പാഠഭാഗ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ദേശത്തിന്റെ പ്രാധാന്യം, അനുഷ്ഠാന കലകൾ തുടങ്ങിയവയെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ വരപ്പിക്കുന്നു. | കലാധ്യാപകർ | അക്കാദമിക വർഷം | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ചിത്രകലയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | ● ക്ലാസ് തലത്തിൽ ചിത്രരചനാ മത്സരങ്ങൾ, പോസ്റ്റർ മേക്കിങ്ങ് സംഘടിപ്പിക്കുന്നു. മികച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി എക്സിബിഷൻ നടത്തുന്നു | കലാധ്യാപകർ | ജൂലൈ - ഓഗസ്റ്റ് | പി.ടി.എ. |
| 4. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | ● പ്ലാസ്റ്റിക് ചിത്രചുമർ :- ചുമർ ചിത്രങ്ങൾ മിഠായി കവറുകൾ ഉപയോഗിച്ച് നിറയ്ക്കുക | കലാധ്യാപകർ | നവംബർ - ഡിസംബർ | പി.ടി.എ. |